# തിരുവിതാംകൂർ ദേവസ്വം ബോർഡ്

അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ്
ചങ്ങനാശ്ശേരി

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ ചങ്ങനാശ്ശേരി ഗ്രൂപ്പിൽപ്പെട്ട **ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ പുളിങ്കുന്ന് വില്ലേജിൽ സ്ഥിതി ചെയ്യുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ കീഴിലുള്ള മങ്കൊമ്പ് ദേവസ്വത്തിലെ ഉപദേവാലയങ്ങളുടെ നടപ്പന്തലും മറ്റ് അനുബന്ധ നിർമ്മിതികളും നിലവിലുള്ള അവസ്ഥയിൽ തറ നിരപ്പിൽ പൊളിച്ചു മാറ്റുന്നതിന് 22/12/2022-) ം തീയതി വ്യാഴാഴ്ച്ച പകൽ 11:30 മണിക്ക് മേൽപ്പടി ദേവസ്വത്തിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നു.** ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേ ദിവസം 11:30 മണിക്ക് മുൻപ്, GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുമായി പ്രസ്തുത ദേവസ്വത്തിൽ **500** രൂപ നിരതദ്രവ്യം കെട്ടിവെച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്നയാൾ നിരതദ്രവ്യം ഉൾപ്പെടെ ലേല തുകയുടെ പകുതിയും 18 % GST യും ഉടനടി കെട്ടിവെക്കേണ്ടതാണ്.** ലേലത്തിൽ പങ്കെടുത്ത ബാക്കിയാളുകളുടെ നിരതദ്രവ്യം ലേലം അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താത്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ഡിപ്പാർട്മെന്റിൽ നിന്നും അന്തിമ അനുവാദം ലേലം കൊണ്ട വ്യക്തിക്ക് ലഭിച്ചു **5** ദിവസത്തിനുള്ളിൽ ബാക്കി അടയ്ക്കാനുള്ള തുകയോടൊപ്പം 200 രൂപ മുദ്ര പാത്രത്തിൽ എഗ്രിമെന്റ് വച്ച് **10** ദിവസത്തിനകം ടി നിർമ്മിതികൾ സ്വന്തം ചിലവിൽ പൂർണമായി, അവശിഷ്ടങ്ങളുൾപ്പെടെ തറ നിരപ്പിൽ പൊളിച്ചു കൊണ്ടുപോകേണ്ടതാണ്. യാതൊരു കാരണവശാലും മണ്ണ് കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല.

ലേലത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ചങ്ങനാശ്ശേരി അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്ന് പ്രവൃത്തി ദിവസങ്ങളിൽ ആഫീസ് സമയത്തു അറിയാവുന്നതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾ ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്മെൻറ് ഉത്തരവാദിയായിരിക്കുന്നതല്ല. നിശ്ചിത സമയത്തിനുള്ളിൽ ലേലം കൊണ്ട നിർമ്മിതികൾ പൊളിച്ചു മാറ്റിയില്ലെങ്കിൽ ലേലത്തുക മുഴുവനായും ഡിപ്പാർട്മെന്റിലേക്കു മുതൽക്കൂട്ടി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണ്ണമായ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

വിശ്വസ്തതയോടെ

ചങ്ങനാശ്ശേരി Sd/-

17/12/2022 അസിസ്റ്റന്റ് എഞ്ചിനീയർ

ചങ്ങനാശ്ശേരി